LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടിയിലൂടെ വിതരണം ചെയ്ത ഭൂമി

54 (59) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്രപേർക്ക് എത്ര ഹെക്ടർ ഭൂമിയാണ് ജനസമ്പർക്ക പരിപാടിയിലൂടെ വിതരണം ചെയ്തിട്ടുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) ചേർത്തല താലൂക്കിന്റെ പരിധിയിൽ താമസിക്കുന്നവരും ജനസമ്പർക്ക പരിപാടിയിലൂടെ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്ന സ്വന്തമായി ഭൂമിയില്ലാത്ത എത്രപേർക്ക് ഈ സർക്കാർ കാലയളവിൽ ഭൂമി നൽകിയെന്ന് വ്യക്തമാക്കുമോ; അവർ ഏതെല്ലാം വില്ലേജുകളിൽ പെട്ടവരും അവർക്ക് ഏതെല്ലാം വില്ലേജുകളിൽ ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ ; ഇവർക്ക് നൽകിയ ഭൂമി ഏത് വിഭാഗത്തിൽ പെട്ടതാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടിയിൽ വച്ച് ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്തിട്ടില്ല. എന്നാൽ ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച ഭൂരഹിതരുടെ അപേക്ഷകൾ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) ജനസമ്പർക്ക പരിപാടിയിലൂടെ ഭൂമി വിതരണം ചെയ്തിട്ടില്ല. റവന്യൂ വകുപ്പിന്റെ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 101 പേർക്കായി 122.21 ആർ ഭൂമി ചേർത്തല താലൂക്കിൽ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഗുണ്ടാസംഘം കൊലപ്പെടുത്തിയ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം

55 (60) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-11-2015-ൽ ചേർത്തല ഒറ്റമശ്ശേരിയിൽവച്ച് ഗുണ്ടകൾ ടിപ്പർ ലോറി കയറ്റി കൊലപ്പെടുത്തിയ പട്ടണക്കാട് പഞ്ചായത്തിൽ കുട്ടുങ്കൽ തയ്യിൽ ജോൺസൺ, കളത്തിൽ വീട്ടിൽ സുബിൻ എന്നീ മത്സ്യതൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ;എങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.